"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി- "വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് " -വർക്കല ഭാഗത്തെ പുനരധിവാസം - 8 കുടുംബങ്ങളുടെ ലിസ്റ്റിന് അംഗീകാരം നല്കിയും 8 കുടുംബങ്ങൾക്ക് വാടകത്തുക അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.21/2024/CSIND തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-

1. സ.ഉ.(സാധാ.)നം.23/2022/സി.എസ്.ഐ.എൻ.ഡി തീയതി 24/11/2022.
2. സ.ഉ.(സാധാ.)നം.4/23/സി.എസ്.ഐ.എൻ.ഡി തീയതി 16/2/23.
3. സ.ഉ.(സാധാ.)നം.18/2023/സി.എസ്.ഐ.എൻ.ഡി തീയതി 12/06/23.
4. സ.ഉ(സാധാ) നം. 28/2023/സി.എസ്.ഐ.എൻ.ഡി തീയതി 11/9/2023.
5. മാനേജിംഗ് ഡയറക്ടർ, കിൽ സമർപ്പിച്ച 26/10/2023- ലെ KWIL/WCC/ Rehab/72/2023 നമ്പർ കത്ത്.
6. തിരുവനന്തപുരം ജില്ലാകളക്ടറുടെ 11/03/2024 ലെ ബി12-11398/2007 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് ഏകദേശം 1275 കുടുംബങ്ങളെ കനാൽ പുറമ്പോക്കിൽ നിന്നും പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബി സഹായത്തോടെ 'വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്" നടപ്പാക്കുന്നതിന് പരാമർശം (1) പ്രകാരം വ്യവസ്ഥകളോടെ അംഗീകാരം നൽകി ഉത്തരവായിരുന്നു. പ്രസ്തുത പാക്കേജ് പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നിബന്ധനകളും, വർക്കല ഭാഗത്ത് പാക്കേജ് പ്രകാരം ധനസഹായത്തിന് അർഹരായി ഒന്നാം ഘട്ടമായി കണ്ടെത്തിയിട്ടുള്ള 236 കുടുംബങ്ങളുടെ ലിസ്റ്റും അംഗീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. തുടർന്ന് വർക്കല ഭാഗത്ത് പാക്കേജ് പ്രകാരം ധനസഹായത്തിന് അർഹരായ 89 (62+27) കുടുംബങ്ങളുടെ ലിസ്റ്റുകൾക്ക് പരാമർശം (3),(4) ഉത്തരവുകൾ പ്രകാരവും അംഗീകാരം നൽകിയിരുന്നു.

2. പുനരധിവാസ പാക്കേജിനുള്ള അർഹത പരിശോധിക്കുന്നതിനായി പ്രാദേശികാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സമിതി വർക്കല ഭാഗത്ത് മുഴുവൻ പാക്കേജ് തുകയ്ക്കും അർഹരായി 5 കുടുംബങ്ങളെയും, മറ്റ് സ്കീമുകളിൽ നിന്നും ലഭ്യമായ ആനുകൂല്യം, പാക്കേജ് തുകയിൽ നിന്നും കുറവ് വരുത്തി അനുവദിക്കുന്നതിന് 3 കുടുംബങ്ങളെയും ശിപാർശ ചെയ്തിട്ടുണ്ടെന്നും, കൂടാതെ റീഹാബിലിറ്റേഷൻ പാക്കേജിലുൾപ്പെടാൻ അർഹതയില്ലാത്തതും എന്നാൽ താമസയോഗ്യമായ രീതിയിൽ വീട് പൂർത്തീകരിച്ചിട്ടില്ലാത്തതുമായ 8 കുടുംബങ്ങളെ കനാൽ പുനരുദ്ധാരണ സമയത്ത് അടിയന്തരമായി മാറ്റിപ്പാർപ്പിക്കുന്നതിനുവേണ്ടി അവർക്ക് വാടകയ്ക്ക് മാറാനുള്ള തുകയായ 1 ലക്ഷം

രൂപ അനുവദിയ്ക്കുന്നതിനും സമിതി ശിപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട് പ്രസ്തുത ലിസ്റ്റുകൾ അംഗീകാരത്തിനായി പരാമർശം (5) പ്രകാരം മാനേജിംഗ് ഡയറക്ടർ, കിൽ ലഭ്യമാക്കിയിരുന്നു. വാടകയ്ക്ക് മാറാനുള്ള തുകയായ 1 ലക്ഷം രൂപ മാത്രം അനുവദിയ്ക്കുന്നതിനായി ശിപാർശ ചെയ്തിരുന്ന 8 കുടുംബങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് താമസയോഗ്യമായ രീതിയിൽ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന് പരാമർശം (6) പ്രകാരം ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെസ്റ്റ് കോസ്റ്റ് ജലപാതാ വികസനവുമായി ബന്ധപ്പെട്ട റീഹാബിലിറ്റേഷൻ പാക്കേജിലുൾപ്പെടാൻ അർഹതയില്ലാത്തതും വീട് താമസയോഗ്യമായ രീതിയിൽ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വർക്കല ഭാഗത്തെ എട്ട് കുടുംബങ്ങളെ കനാൽ പുനനരുദ്ധാരണ സമയത്ത് അടിയന്തരമായി മാറ്റിപ്പാർപ്പിക്കേണ്ടതുണ്ടെന്നതിനാൽ വാടകയ്ക്ക് വീടെടുത്ത് മാറിതാമസിക്കുന്നതിന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വീതം അനുവദിച്ചുകൊണ്ടും, പ്രാദേശിക സമിതി ശിപാർശ ചെയ്ത് മാനേജിംഗ് ഡയറക്ടർ, കിൽ ലഭ്യമാക്കിയിരിക്കുന്ന മുഴുവൻ പാക്കേജ് തുകയ്ക്കും അർഹരായ 5 കുടുംബങ്ങളുടെ ലിസ്റ്റിനും, പാക്കേജ് പ്രകാരമുള്ള തുകയിൽ നിന്നും മറ്റ് സ്കീമുകളിൽ നിന്നും ലഭ്യമായ ആനുകൂല്യം കുറവ് ചെയ്തുള്ള തുകയ്ക്ക് അർഹരായ 3 കുടുംബങ്ങളുടെ ലിസ്റ്റിനും ഒരേ കുടുംബത്തിന് ഒന്നിലധികം തവണ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് കിൽ മാനേജിംഗ് ഡയറക്ടർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടുകൂടി അംഗീകാരം നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപ്പറഞ്ഞ പ്രകാരമുള്ള 16 കുടുംബങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

4. പാക്കേജ് പ്രകാരം ധനസഹായം അനുവദിക്കുന്നതിന് പാക്കേജ് (2) ലെ ഉത്തരവിൽ പറഞ്ഞ നിബന്ധനകൾ എല്ലാവർക്കും ബാധകമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ജില്ലാ കളക്ടർ , തിരുവനന്തപുരം.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി. ഒ., കൊല്ലം.
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ /ചീഫ് എഞ്ചിനീയർ, കിൽ,കൊച്ചി എയർപോർട്ട് പി.ഒ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വെബ് & ന്യൂ മീഡിയ )വകുപ്പ്.
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/182/2023/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 15-06-2024 10:45:08

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സി.എസ്.ഐ.എൻ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

സ.ഉ.(സാധാ) നം.21/2024/CSIND തീയതി, 14-06-2024 പ്രകാരമുള്ള ലിസ്റ്റ്

## WEST COAST CANAL REHABILITATION PACKAGE – VARKALA CONSTITUENCY

പാക്കേജ് തുകയായ 10 ലക്ഷം രൂപയ്ക്ക് അർഹരായവർ

| Sl. No. | Property / owner code | Name & Address | Amount received from other schemes | Balance Amount Payable from Package amount (Rs.10 Lakhs) |
|---|---|---|---|---|
| **WARD – 11 - CHALUVILA** | | | | |
| 1 | T7-085 | ഷെജന, കനാൽ പുറമ്പോക്ക്, ചാലുവിള, കണ്ണമ്പ, വർക്കല | Nil | 10,00,000/- |
| **WARD – 12 - KALLAMKONAM** | | | | |
| 2 | T7-071 | ചന്ദ്രൻ എസ്, കനാൽ പുറമ്പോക്ക് വീട്, വർക്കല | Nil | 10,00,000/- |
| **WARD – 19 – RAMANTHALI** | | | | |
| 3 | T6-084 | അജ്മി, കനാൽ പുറമ്പോക്ക്, ചിലക്കൂർ, വർക്കല | Nil | 10,00,000/- |
| 4 | T6-085 | സബീന, നസീമ മൻസിൽ, തൊട്ടിപ്പാലം, കനാൽ പുറമ്പോക്ക്, വർക്കല | Nil | 10,00,000/- |
| **WARD – 24 – MAITHANAM** | | | | |
| 5 | T6-139 | അനീസ, ഷൈലജ മൻസിൽ, വർക്കല | Nil | 10,00,000/- |

മറ്റ് പദ്ധതികളിൽ നിന്നും ലഭിച്ച തുക കുറവ് ചെയ്ത് അവശേഷിക്കുന്ന തുകയ്ക്ക് അർഹരായവർ

| Sl. No. | Property / owner code | Name & Address | Amount received from other schemes | Balance Amount Payable from Package amount (Rs.10 Lakhs) | Remarks |
|---|---|---|---|---|---|
| **WARD – 9 – NADAYARA** | | | | | |
| 1 | T7-153 | ഫാത്തിമ, പുതുവൽ പുത്തൻവീട്, നടയറ | 3,00,000/- | 7,00,000/- | സ്വന്തമായി സ്ഥലം ഉണ്ട്. |
| 2 | T7-137 | സുശീല | 3,00,000/- | 7,00,000/- | EMS Scheme |
| **WARD – 24 – MAITHANAM** | | | | | |
| 3 | T6-152 | സിന്ധു, കനാൽ പുറമ്പോക്ക്, രാമന്തളി, വർക്കല | 75,000/- | 9,25,000/- | Life Scheme |

**വാടകയ്ക്ക് മാറുന്നതിന് ഒരു ലക്ഷം രൂപയ്ക്ക് അർഹരായവർ**

| Sl. No. | Property / owner code | Name & Address |
|---|---|---|
| **WARD – 11 - CHALUVILA** | | |
| 1 | T7-120 | ബാബു, കനാൽ പുറമ്പോക്ക്, വർക്കല |
| **WARD – 12 - KALLAMKONAM** | | |
| 2 | T7-060 | സരസ്വതി എൽ., കനാൽ പുറമ്പോക്ക്, തൊട്ടുവേ |
| 3 | T7-079 | പ്രസന്ന, പുതുവൽ വീട്, വർക്കല |
| 4 | T7-082 | ബിന്ദു, കനാൽ പുറമ്പോക്ക്, വർക്കല |
| 5 | T7-053 (A) | സുശീല, ഈഞ്ചയിൽ പുത്തൻവീട്, ചെറുകുന്നം |
| **WARD – 13 - CHERUKKUNNAM** | | |
| 6 | T7-014 | ശാലിനി എസ്., കനാൽ പുറമ്പോക്ക്, തൊട്ടുവേ, വർക്കല |
| 7 | T7-032 | ഗംഗ എസ്, പഞ്ഞുകുളം, വർക്കല |
| **WARD – 19 – RAMANTHALI** | | |
| 8 | T6-052 | അജന്താ, സിനി ഭവൻ, രാമന്തളി, വർക്കല |